"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കോഴിക്കോട് കോർപ്പറേഷനിലും കോർപ്പറേഷൻ സോണൽ ഓഫീസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സൂപ്രണ്ട് സി.വി.ചന്ദ്രനെതിരെയുള്ള അച്ചടക്കനടപടി - അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1118/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/06/2020

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.11.2011 തീയതിയിലെ ഇ12(എസ്.സി 11/2011/എൻആർകെ) 23703/2011 നം.കത്ത്

2 സർക്കാരിന്റെ 26.05.2016തീയതിയിലെ ഇയു2-97/2015 -തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 04.02.2019 തീയതിയിലെ വി2-14249/16 നമ്പർ കത്ത്.

3 29.08.2019 തീയതിയിലെ സ.ഉ(സാധാ) 1861/2019/തസ്വഭവ-നമ്പർ ഉത്തരവ്

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലും കോർപ്പറേഷന്റെ കീഴിലുള്ള സോണൽ ഓഫീസുകളിലും 10.06.2011- ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം ഒന്ന് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തിയ ടി നഗരസഭയിലെ സൂപ്രണ്ട് സി.വി.ചന്ദ്രനുൾപ്പടെയുള്ള ജീവനക്കാർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ബന്ധപ്പെട്ട ജീവനക്കാരുടെ മറുപടിയുടേയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 3 പ്രകാരമുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സി.വി.ചന്ദ്രനൊഴികെയുള്ള ജീവനക്കാർക്കെതിരായ അച്ചടക്കനടപടി പരാമർശം 4 പ്രകാരം തീർപ്പാക്കിയിരുന്നു.

2. നഗരസഭയുടെ 9- ാം സർക്കിളിൽ 05.04.2008 മുതൽ 13.05.2008 വരെ റവന്യൂ ഇൻസ്പെക്ടറായിരുന്ന സി.വി. ചന്ദ്രൻ ഗുരുവായൂർ നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കവേ 21/01/2017- ൽ മരണപ്പെട്ടിട്ടുള്ളതായി നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ സാഹചര്യത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ സൂപ്രണ്ടായിരുന്ന 21.01.2017-ൽ മരണപ്പെട്ടിട്ടുള്ള സി.വി.ചന്ദ്രനെതിരെയുള്ള തുടർനടപടി അവസാനിപ്പിച്ച് അച്ചടക്കനടപടി

തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സി.വി.ചന്ദ്രൻ, സൂപ്രണ്ട്, കോഴിക്കോട് കോർപ്പറേഷൻ
(നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ